# അഹിംസാ പരമോ ധർമ്മ

**സുധീർ പണിക്കവീട്ടിൽ**



എല്ലാ ജീവജാലങ്ങളിലും ആദ്ധ്യാത്മികമായ ഒരു ഊർജ്ജത്തിൻെറ ദിവ്യമായ സ്ഫുലിംഗം ഉള്ളത്കൊണ്ട് പരസ്പരം ഹാനിയുണ്ടാകുന്ന വിധം പ്രവർത്തിക്കരുത് എന്ന ചിന്തയിൽ നിന്നു പുരാതന ഭാരതത്തിൽ ഉത്ഭവിച്ച ഒരു സിദ്ധാന്തമാണു "അഹിംസ". ഇത് സംസ്ക്രുത പദമായ "ഹിംസ" എന്ന വാക്കിൻെറ വിപരീതമായി ഉപയോഗിക്കുന്ന "അഹിംസ" എന്ന് വാക്കാണു. ഭാരതത്തിലെ സനാതനധർമ്മ പണ്ഡിതന്മാരാൽ വിശദീകരിക്കപ്പെട്ട ഈ തത്വം പിന്നീട് ബുദ്ധ/ജൈന മതങ്ങളും സ്വീകരിച്ചു. ഏത് മതങ്ങൾ സ്വീകരിച്ചാലും ഇത് ഹിന്ദു മതമെന്ന് പിൽക്കാലത്ത് അറിയപ്പെട്ട, ഇപ്പോൾ അറിയുന്ന ഹിന്ദു മതത്തിൻെറ സംഭാവനയാണെന്ന് വേദങ്ങളും, ഇതിഹാസങ്ങളും, തെളിയിക്കുന്നു. 1028 സംസ്ക്രുത ശ്ലോകങ്ങളിലായി പരന്ന് കിടക്കുന്ന ഋഗ്വേദത്തിൽ പറയുന്നു. ആരെയും. ഒന്നിനേയും ഉപദ്രവിക്കരുതെന്ന്. യജുർവേദം പറയുന്നത് " നമ്മൾ പരസ്പരം സൗഹാർദ്ദത്തോടെ തമ്മിൽ തമ്മിൽ കാണണമെന്നാണ്.

ഹിന്ദു മതം അഹിംസയെ പരമപ്രധാനമായി കണ്ടിട്ടും ഭഗവാൻ ക്രുഷ്ണൻ കുരുക്ഷേത്ര യുദ്ധത്തിൽ അർജുനനെ യുദ്ധ്ത്തിനു പ്രേരിപ്പിക്കുന്നു എന്ന ഒരു ആരോപണം നമ്മൾ കേൾക്കറുണ്ട്.. അങ്ങനെ ആളുകൾ ചിന്തിക്കുന്നത് അഹിംസയെക്കുറിച്ചുള്ള ഭാരതീയ ചിന്തയുടെ പൂർണ്ണരൂപം അറിയാത്തത്കൊണ്ടാകാം. അഹിംസ പരമോ ധർമ്മോ, ധർമ്മ ഹിംസ തഥൈവ ച.. എന്ന് വച്ചാൽ ധർമ്മം നിലനിർത്താനുള്ള ഹിംസയും പരമ ധർമ്മമാണു. ഭഗവത് ഗീതയിൽ ഭഗവാൻ പറയുന്നുണ്ട്.(അഹിംസാ സമതാ തുഷ്ടി:)പരദ്രോഹം ചെയ്യാതിരിക്കൽ, സമഭാവന, സംത്രുപ്തി എന്നിവ ഭ്ഗവാനിൽ നിന്നു തന്നെയുണ്ടാകുന്നുവെന്ന്. (അദ്ധ്യായം 5-10) പിന്നേയും (അദ്ധ്യായം 4-8) പറയുന്നു. പരിത്രാണായ സാധൂനാം, വിനാശായ ച ദുഷ്ക്രുതാം, ധർമ്മസംസ്ഥാപനാർഥായ, സംഭവാമി യുഗേ, യുഗേ.. (ദുർജനങ്ങളെ നശിപ്പിക്കാനും ധർമ്മത്തെ നില നിർത്താനുമായി യുഗം തോറും ഭഗവാൻ ജന്മമെടുക്കുന്നു.) കുരുക്ഷേത്രത്തിൽ നടന്നത് ധർമ്മയുദ്ധമാണെന്നും ചോദ്യങ്ങൾ ചോദിക്കുന്നവർ മനസ്സിലാക്കണം. ധർമ്മയുദ്ധത്തിൽ ഏർപ്പെടുന്നവർക്ക് നല്ലതെ വരൂ എന്ന് ഭഗവാൻ വ്യക്തമാക്കുന്നു. അത്തരം യുദ്ധങ്ങളിൽ നടക്കുന്ന ഹിംസ പാപമാകുന്നില്ല. അതിനായി സുഖദുഖങ്ങളേയും, ലാഭനഷ്ടങ്ങളേയും, ജയാപജയങ്ങളേയും തുല്യമായി കരുതണം. ( അദ്ധ്യായം 2:38) ക്ഷത്രിയനു ധർമ്മയുദ്ധത്തെക്കാൾ ശ്രേയ്സ്കരമായി ഒന്നുമില്ല. അധർമ്മികളിൽ നിന്നും രാജ്യത്തെ സംരക്ഷിക്കുക ക്ഷത്രിയൻെറ കടമയാണു. എല്ലായിടത്തും അഹിംസാ പരമോ ധർമ്മ എന്ന് പറഞ്ഞ് മനുഷ്യർ വിഡ്ഢികളാകരുത്. മറ്റ് മതവിശ്വാസികൾ ഹിന്ദു മതം പുണ്യഗ്രന്ഥമായി കരുതുന്ന ഗീതയിൽ കൊല്ലും കൊലയുമുണ്ടെന്നു പറയുന്നത് അവരുടെ അജ്ഞതകൊണ്ടാണ്. പലപ്പോഴും ഹിന്ദുമതവിശ്വാസികൾ പ്രസ്തുത ആരോപണം കേട്ട് കാണും. അതിനു മറുപടി പറയാൻ കഴിയാതിരുന്നവർക്ക് ഈ ലേഖനം സഹായകരമാകുമെന്ന് വിശ്വസിക്കുന്നു. സ്വാമി വേദഭാരതിയുടെ ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. സമാധാനത്തിൻെറ സന്ദേശവാഹകനായ ദലൈലാമ പോലും അധർമ്മത്തെ കീഴ്പ്പെടുത്താൻ ചിലപ്പോൾ ശക്തി ഉപയോഗിക്കേണ്ടിവരുമെന്ന് പറഞ്ഞിട്ടുണ്ടെന്നു.

സ്വാമി വേദഭാരതി ഒരു കഥ കൂടി പറയുന്നുണ്ട്.എന്തിനാണു അർജുനൻ കുരുക്ഷേത്രയുദ്ധത്തിൽ അനേകരെ കൊന്നൊടുക്കിയത് എന്ന ചോദ്യത്തിനു മറുപടിയായി സ്വാമി വേദഭാരതി ഒരു കഥ പറയുന്നുണ്ട്. രണ്ട് സൂഫി ഭടന്മാർ തമ്മിൽ യുദ്ധംചെയ്യുകയായിരുന്നു. യുദ്ധത്തിൽ ഒരു ഭടൻ മറ്റെ ഭടനെ കീഴ്പ്പെടുത്തി അയാളുടെ നെഞ്ചിൽ കയറിയിരുന്നു. എന്നിട്ട് പരാജിതനായ ഭടൻെറ നെഞ്ചിൽ കയ്യിലുണ്ടായിരുന്ന കഠാരി കുത്തിയിറക്കാൻ കയ്യോങ്ങവേ നിലത്ത് വീണു കിടന്ന ഭടൻ അയാളുടെ മുഖത്തേക്ക് തുപ്പി. അപ്പോൾ ഓങ്ങിയ കഠാരി അതെപോലെ പിടിച്ച് നിന്ന ഭടനോട് തുപ്പിയ ഭടൻ പറഞ്ഞു. എന്തിനു എന്നെ കൊല്ലാൻ താമസിക്കുന്നു. ഞാൻ നിൻെറ അധീനതയിലാണ്. വൈകാതെ എന്നെ കൊല്ലുക. അപ്പോൾ ആ ഭടൻ പറഞ്ഞു. നമ്മൾ രണ്ടു പേരും ഇതു വരെ യുദ്ധം ചെയ്യുകയായിരുന്നു. നിന്നെ എനിക്കറിയില്ല എന്നെ നിനക്കറിയില്ല. എന്നാൽ ഇപ്പോൾ നീ എൻെറ മുഖത്ത് തുപ്പിയപ്പോൾ എനിക്ക് നിന്നോട് ദ്വേഷ്യമുണ്ടായി. ഇപ്പോൾ ഞാൻ നിന്നെ കൊന്നാൽ അത് കൊലപാതകമാകും, കൊലയായിരിക്കയില്ല.

സ്വധർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത് മനുഷ്യൻെറ കർത്തവ്യമാണ്. ഏതെങ്കിലും ഋഷി പറഞ്ഞതിലേയോ, മതത്തിലേയൊ അപൂർണ്ണമായ അറിവ് മനുഷ്യരെ അപകടത്തിൽ കൊണ്ട് ചാടിക്കും. ഒരു ഗ്രാമത്തിലെ മനുഷ്യർക്ക് അവിടെയുള്ള ഒരു സർപ്പത്തിൻെറ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ അവർ ഒരു മഹർഷിയുടെ അടുത്ത് സങ്കടം ബോധിപ്പിച്ചു. മഹർഷി സർപ്പത്തിനെ ഉപദേശിച്ചു നന്നാക്കി മടങ്ങിപ്പോയി. കാലങ്ങൾക്ക് ശേഷം മഹർഷി തിരിച്ച് വന്നപ്പോൾ സർപ്പം വല്ലാത്ത അവശ നിലയിലായിരുന്നു. ദേഹം മുഴുവൻ വ്രുണങ്ങളും, ഭക്ഷണമില്ലാതെ ശോഷിച്ചും അത് കഷ്ടപ്പെടുകയായിരുന്നു. മഹർഷിക്ക് അത് അത്യന്തം ദു:ഖഹേതുവായി. അദ്ദേഹത്തിൻെറ ചോദ്യത്തിനു സർപ്പം മറുപടി പറഞ്ഞു. അങ്ങയുടെ ഉപദേശപ്രകാരം ഞാൻ നല്ലവനായി ജീവിക്കാൻ തുടങ്ങിയപ്പോൾ ജനങ്ങൾ എന്നെ അവഗണിക്കാൻ തുടങ്ങി, കൊച്ചു കുട്ടികൾ കല്ലെറിഞ്ഞ് എന്നെ മുറിപ്പെടുത്തി. അത് കേട്ട് മഹർഷി പറഞ്ഞു. ആളുകളെ കടിക്കരുതെന്നല്ലേ ഞാൻ പറഞ്ഞതിൻെറ വിവക്ഷ അല്ലാതെ ചീറ്ററുതെന്നല്ലല്ലോ? സ്വരക്ഷക്കായി ഓരോരുത്തരും അവരവരുടെ ധർമ്മങ്ങൾ അനുഷ്ഠിക്കണം. വിവേചന ബുദ്ധി മനുഷ്യനെയുള്ളു. മഹാഭാരതത്തിൽ പറയുന്നത് മനുഷ്യനു മാത്രമേ തിരഞ്ഞെടുക്കാനുള്ള (നല്ലതോ ചീത്തയോ) സ്വാതന്ത്ര്യമുള്ളു, മ്രുഗങ്ങൾ അവയുടെ വാസനയനുസരിച്ച് പ്രവർത്തിക്കുന്നു. തേളിനെ കയ്യിലെടുക്കുന്ന മനുഷ്യനെ അത് കുത്തുന്നു. അതിനറിയില്ല എന്തിനാണു മനുഷ്യൻ അതിനെ കയ്യിലെടുക്കുന്നത്. കുത്താനുള്ള അതിൻെറ വാസന അതിനെ രക്ഷിക്കുന്നു. സർപ്പം മഹർഷിയുടെ വാക്കുകൾ അനുസരിച്ചെങ്കിലും അതിൻെറ രക്ഷക്കായി ദൈവം നൽകിയ ധർമ്മം അനുഷ്ഠിച്ചില്ല,. ബുദ്ധമതം അഹിംസ അക്ഷരാർഥ്ത്തിൽ ഉപയോഗിച്ചപ്പോൾ അത് ഭാരതത്തിലേക്കുള്ള മുസ്ലീം അധിനിവേശത്തിനു വഴിയൊരുക്കി. അവർ വാളുമായി വന്നപ്പോൾ“ ബുദ്ധം ശരണം ഗച്ഛാമി” എന്ന് ജപിച്ച് നിന്നവരെ അരിഞ്ഞ് വീഴ്ത്താൻ എളുപ്പമായി. മനുഷ്യരാശിയുടെ ചരിത്രം പരിശോധിച്ചാൽ അവരെല്ലം പല കാലത്തും പലരുടേയും ഉപദേശങ്ങൾ അല്ലെങ്കിൽ കൽപ്പനകൾ പാലിക്കുന്നതിൽ തെറ്റ് വരുത്തിയെന്ന് കാണാം. ഇമ്മനുവൽ കൻറ് പറഞ്ഞു: മനുഷ്യനെ ഉണ്ടാക്കിയ വളഞ്ഞ മരത്തിൽ നിന്നും നേരെയായ (straight) ഒന്നും ഉണ്ടാക്കാൻ കഴിയില്ല. **(തുടരും)**